**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140** **08-02-2023 - ൽ മറുപടിയ്ക്ക്**

**പാലിന്റെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിന്റെ പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടുണ്ടെന്ന് ക്ഷീര വികസന വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിൽ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യമില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ശാസ്ത്രീയ പരിശോധനയിൽ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (സി) | ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടുണ്ട് എന്ന ക്ഷീര വികസന വകുപ്പിന്റെ കണ്ടെത്തലിന് വിരുദ്ധമായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ അന്തിമ പരിശോധനാ ഫലം വരാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിന്റെ പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടുണ്ടെന്ന് ക്ഷീര വികസന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്.എന്നാൽ പാലിലുള്ള പെറോക്സിഡേസിന്റെയും കാറ്റലെസിന്റെയും പ്രവർത്തനം മൂലം പാലിൽ ചേർക്കപ്പെട്ടിട്ടുള്ള ഹൈഡ്രജൻ പെറോക്സൈഡ് വെള്ളവും ഓക്സിജനുമായി പരിവർത്തനം ചെയ്യപ്പെട്ടും.പാലിൽ ചേർത്തിട്ടുള്ള ഹൈഡ്രജൻ പെറോക്സൈഡിന്റെ അളവിന് അനുസൃതമായി അതിന്റെ സാന്നിധ്യം സമയം കഴിയുന്തോറും ഇല്ലാതാവും.അതുകൊണ്ട് മണിക്കൂറുകൾക്ക് ശേഷം നടത്തുന്ന പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ കഴിയാറില്ല.പാലിൽ രാസസാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് ഈ വിവരം ക്ഷീരവികസന വകുപ്പ് ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.<br><br>ക്ഷീരവികസന വകുപ്പ് അറിയിച്ചതിനെ തുടർന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിൽ നടത്തിയ അന്തിമ പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിദ്ധ്യം |

| | | | |
|---|---|---|---|
| | | | കണ്ടെത്താൻ കഴിയാത്തത് മേൽപ്പറഞ്ഞ കാരണത്താലാണ്. |
| (ഡി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അവകാശം ക്ഷീര വികസന വകുപ്പിന് നൽകണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുമോ; വിശദമാക്കാമോ? | (ഡി) | പാലിന്റെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ ഉദ്യോഗസ്ഥർക്ക് തടസ്സങ്ങളില്ല.<br><br>എന്നാൽ 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നിയമപരമായ സാമ്പിളുകൾ ശേഖരിച്ച് നിയമ നടപടികൾക്ക് വിധേയമാക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്കാണുള്ളത്.<br><br>ക്ഷീരവികസന വകുപ്പിലെ ക്ഷീരവികസന ഓഫീസർമാരെ 2006 ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം പാലും പാലുല്പന്നങ്ങളും സംബന്ധിച്ച ഭക്ഷ്യ സുരക്ഷാ ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടില്ല.അപ്രകാരം നോട്ടിഫൈ ചെയ്യണമെന്ന ആവശ്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ